മാതൃഭൂമി

02 September 2023



▶ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല സി.എം.എഫ്.ആർ.ഐ.യുടെ പഠന റിപ്പോർട്ട് പ്രകാശനം ചെയ്യുന്നു

# ഇന്ത്യയിലെ സമുദ്ര മത്സ്യസമ്പത്ത് സുസ്ഥിരമെന്ന് പഠനം

## മത്സ്യസമ്പത്തിൽ അമിത ചൂഷണമില്ല

**കൊച്ചി▸** ഇന്ത്യയിലെ സമുദ്ര മത്സ്യസമ്പത്ത് സുസ്ഥിരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) പഠന റിപ്പോർട്ട്. സി.എം.എഫ്.ആർ.ഐ. 2022-ൽ പഠന വിധേയമാക്കിയ 135 മത്സ്യസമ്പത്തിൽ (ഫിഷ് സ്റ്റോക്) 91.1 ശതമാനവും അമിതമായി പിടിക്കപ്പെടാത്ത വിധം ആരോഗ്യാവസ്ഥയിലാണെന്ന് റിപ്പോർട്ട് പറയുന്നു. കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാലയാണ് പഠന റിപ്പോർട്ട് പ്രകാശനം ചെയ്തത്.

ലോക വ്യാപാര സംഘടനയിലെ (ഡബ്ല്യു.ടി.ഒ.) ഇന്ത്യയുടെ നിലപാടിന് ബലം നൽകുന്നതാണ് ഈ പഠനം. പഠനം നടത്തിയ സ്റ്റോക്കുകളിൽ കേവലം 4.4 ശതമാനം മാത്രമാണ് അമിത മത്സ്യബന്ധനത്തിന് വിധേയമാകുന്നത്.

രാജ്യാന്തര തലത്തിൽ ഇന്ത്യൻ സമുദ്രമത്സ്യ മേഖലയ്ക്ക് ഏറെ മുതൽക്കൂട്ടാകുന്നതാണ് പഠനത്തിലെ കണ്ടെത്തലുകളെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഡബ്ല്യു.ടി.ഒ.യിൽ ഇന്ത്യയുടെ നിലപാടിനെ സാധൂകരിക്കാനും രാജ്യാന്തര വ്യാപാര ചർച്ചകളിൽ ഇന്ത്യൻ സമുദ്രമത്സ്യ മേഖലയ്ക്ക് അനുകൂലമായ തീരുമാനങ്ങളുണ്ടാകാനും പഠന റിപ്പോർട്ട് സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

കന്യാകുമാരിയിൽനിന്നാരംഭിച്ച എട്ടാം ഘട്ട സാഗർപരിക്രമ യാത്രയിലാണ് കേന്ദ്രമന്ത്രി റിപ്പോർട്ട് ഔദ്യോഗികമായി പ്രകാശനം ചെയ്തത്. ഇന്ത്യൻ തീരങ്ങൾക്ക് അനുയോജ്യമായ മികച്ച കടൽപായൽ കൃഷിരീതികൾ പരിചയപ്പെടുത്തുന്ന സി.എം.എഫ്.ആർ.ഐ.യുടെ പ്രസിദ്ധീകരണവും കേന്ദ്രമന്ത്രി പ്രകാശനം ചെയ്തു. രാജ്യത്ത് 333 സ്ഥലങ്ങൾ കടൽപായൽ കൃഷിക്ക് അനുയോജ്യമാണെന്ന് സിഎംഎഫ്ആർഐ കണ്ടെത്തിയിട്ടുണ്ട്. ഇതുപ്രകാരം, ഇന്ത്യയിൽ 23,950 ഹെക്ടറിൽനിന്ന് പ്രതിവർഷം 98 ലക്ഷം ടൺ കടൽപായൽ ഉത്പാദിപ്പിക്കാനാകുമെന്നാണ് കണ്ടെത്തൽ.